കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

ജില്ലാഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail: doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.- ഇ.കെ.എം. (പി7 ) 259/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682 030
ഫോൺ : 0484 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി : 12.03.2020

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം:- പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.- ഇ.കെ.എം.(പി7)259/2020 തിയ്യതി:-12.03.2020

## എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.1.2019 മുതൽ 10.2.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ. | |
| | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2020മുതൽ 19.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജ്യോതിമോൻ.സി.സി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.നവാസ്.സി.എം. | സീനിയർ ഗ്രേഡ് |

| | | |
|---|---|---|
| | | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.എ.വി.സുരേഷ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.ജാൻസി ഷാജു | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | സാബു മത്തായി | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി. സ്റ്റെല്ല ബൈജു | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.നിസാർ മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ. കെ.എ.സുരേഷ് കുമാർ (അസി.സെക്രട്ടറി, അധിക ചുമതല) | 01.04.2018 മുതൽ 15.05.2018 വരെയും 10.09.2018 മുതൽ 19.09.2018 വരെയും |
| | | ശ്രീമതി.വി.എസ്.കലാമണി. | 16.05.2018 മുതൽ 03.07.2018 വരെ |
| | | ശ്രീമതി.ശ്രീകല.എസ്. | 04.07.2018 മുതൽ 09.09.2018 വരെയും 20.09.2018 മുതൽ 31.03.2019 വരെയും |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | | |
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.നാസിയ.പി.എം. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. കെ.എ.സുരേഷ് കുമാർ | 01.04.2018 മുതൽ 18.11.2018 വരെ |
| | | ശ്രീമതി.ദീപ.പി.എൻ | 19.11.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ആശ.എസ്. | 01.04.2018 മുതൽ 01.11.2018 വരെ |
| | | ശ്രീമതി.മീര മോഹൻ. | 02.11.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ജെസ്സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| [illegible] | | [illegible] | [illegible] |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.അഭിലാഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.ജോൺ ജേക്കബ്ബ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | | ഡോ.ഹണി.സി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ലൈല.കെ.എച്ച് | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | | ശ്രീ.മൃദുൽ മോഹൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.എൽദോ പോൾ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ. ജി എൽ പി എസ് | | ശ്രീമതി.ശാന്തി.കെ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീതുകളുടെ പരിശോധന – അപാകതകൾ | 1-12 |
| 13 | ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടം വാടകയ്ക്ക് നൽകൽ – അപാകതകൾ | 1-13 |
| 14 | ഗ്രാമ പഞ്ചായത്ത് വക കടമുറികളിൽ നിന്നും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്നു. | 1-14 |
| 15 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-15 |
| 16 | ലൈഫ് ഭവനപദ്ധതി- പട്ടികജാതി വിഭാഗത്തിന് ലഭിച്ച | 1-16 |

| | | |
|---|---|---|
| | ജില്ലാപഞ്ചായത്ത് വിഹിതം വകമാറ്റി ചെലവഴിച്ചു. | |
| 17 | വിവിധ വാർഡുകളിൽ പൊതു കിണർ പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു. | 1-17 |
| 18 | ലൈഫ് ഭവനനിർമ്മാണപദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 19 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ | 1-19 |
| 20 | സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള താൽക്കാലിക നിയമനം | 1-20 |
| 21 | ഡ്രൈവിങ്ങ് പരിശീലനം - സർക്കാർ നിർദേശത്തിന് വിരുദ്ധമായ പ്രോജക്ട് | 1-21 |
| 22 | ചെലവ് രേഖകളില്ല – 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | തുല്യതാ പരീക്ഷാ എഴുതിയതിന്റെയോ തുല്യതാ കൈവരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-24 |
| 25 | വെള്ളക്കരം കുടിശ്ശിക - ഉത്ഭവത്തിൽ കുറവ് ചെയ്തത് -പരിഷ്കരിച്ച ഡിമാന്റ് ലഭ്യമല്ല. | 1-25 |
| 26 | ഗ്രാമ പഞ്ചായത്ത് വക കടമുറിയുടെ വാടക പിരിക്കാത്തത് സംബന്ധിച്ച് | 1-26 |
| 27 | ലൈസൻസ് ഫീസ് പിരിച്ചത് ചട്ട പ്രകാരമല്ല | 1-27 |
| 28 | പാലിയേറ്റീവ് പരിചരണം.- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തി. | 1-28 |
| | <u>ഭാഗം 2</u> | |
| 29 | വരവ് കണക്കുകളിലെ വ്യക്തമായ നഷ്ടം: – ഇല്ല | 2-1 |
| | <u>ഭാഗം 3</u> | |
| 30 | ചെലവിനങ്ങളിലെ വ്യക്തമായ നഷ്ടം: – ഇല്ല | 3-1 |
| | <u>ഭാഗം 4</u> | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 44 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 45 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 80,11,308.28 |
| വരവ് | 10,14,78,333.00 |
| ആകെ | 10,94,89,641.28 |
| ചെലവ് | 7,56,74,807.00 |
| നീക്കിയിരിപ്പ് | 3,38,14,834.28 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11303000 | 11303000 | 10512707 | 790293 (lapsed) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2978000 | 2978000 | 2645442 | 332558 (lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 73000 | 73000 | 70229 | 2771 (lapsed) |
| മെയിന്റനൻസ്, റോഡ് | 0 | 3129000 | 3129000 | 2113007 | 1015993 (lapsed) |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2495835 | 284165 (lapsed) |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5242000 | 5242000 | 5016224 | 228776 (lapsed) |
| ദുരിതാശ്വാസനിധി | | ~~5950~~ | ~~12000~~ | ~~17950~~ | ~~0~~ | 17950 |
| സാനിട്ടേഷൻ | | 847925 | 252600 | 1100525 | 90000 | 1010525 |
| മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | | 23250 | 0 | 23250 | 0 | 23250 |
| ടി.എസ്.സി | | 24351 | 0 | 24351 | 0 | 24351 |
| സാനിട്ടേഷൻ ടി.പി.അക്കൗണ്ട് | | 37812.14 | 1524 | 39336.14 | 177 | 39159.14 |
| ഐ.സി.ഡി.എസ് | | 803125 | 419400 | 1222525 | 257574 | 964951 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 2683.6 | 544035.00 | 546718.60 | 542352.00 | 4366.6 |
| തൊഴിലുറപ്പ് 100 തൊഴിൽ ദിനം ഗ്രാന്റ് | | 0 | 225000 | 225000 | 225000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 187025 | 1816340 | 2003365 | 1245000 | 758365 |
| | ജില്ലാ പഞ്ചായത്ത് | 4385245 | 5906375 | 10291620 | 9405409 | 886211 |
| ബി ഫണ്ട് | | 0 | 202640 | 202640 | 202640 | 0 |
| 320300199 ഹെഡിലെ തുക | | 699800 | 25000 | 724800 | 6364 | 718436 |
| ബഡ് സ്കൂൾ | | 0 | 1250000 | 1250000 | 0 | 1250000 |
| ഫ്ലഡ് സംഭാവന | | 0 | 100 | 100 | 0 | 100 |
| ഫ്ലഡ് റിലീഫ് ഫണ്ട് | | 0 | 225000 | 225000 | 225000 | 0 |
| എം.എൻ.ലക്ഷംവീട് പദ്ധതി | | 699730 | 28412 | 728142 | 0 | 728142 |
| കെ.യു.ആർ.ഡി.എഫ്.സി | | 7114 | 252 | 7366 | 0 | 7366 |
| ലൈഫ് ലോൺ | | 164 | 52601515 | 52601679 | 27220702 | 25380977 |
| സർവ്വീസ് ടാക്സ്- യുബിഐ | | 88490 | 431861 | 520351 | 430325 | 90026 |
| ഗുണഭോക്തൃവിഹിതം | | 0 | 586980 | 586980 | 586980 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 568026.54 | 12698411 | 13266437.54 | 15634701 | -2368263.46 |
| | ട്രഷറി അക്കൗണ്ട് | -550615 | 8393911 | 7843296 | 3619399 | 4223897 |
| കൈയ്യിരുപ്പ് പണം | | 181232 | 55025 | 236257 | 181232 | 55025 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 97293898/- | 107 | 62674302/- | 13 | 7 | 84.25 |

<u>ഗ്രാന്റ് ഇൻ എയ്ഡ് - വിനിയോഗം</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 11303000 | 10512707 | 790293 | 93.01 |
| വികസനഫണ്ട് -എസ്.സി.പി | 2978000 | 2645442 | 332558 | 88.83 |
| വികസനഫണ്ട് -ടി.എസ്.പി | 73000 | 70229 | 2771 | 96.2 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 3129000 | 2113007 | 1015993 | 67.53 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2780000 | 2495835 | 284165 | 89.78 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5242000 | 5016224 | 228776 | 95.64 |

<u>നൂതന പ്രോജക്ടുകൾ</u>

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2683.60 | 544035.00 | 546718.60 | 542352.00 | 4366.60 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24363913.00 | 24363913.00 | 24363913.00 | 0 |
| 100 തൊഴിൽ ദിനം - ഗ്രാന്റ് | 0 | 225000.00 | 225000.00 | 225000.00 | 0 |
| ആകെ | 2683.60 | 25132948.00 | 25135631.60 | 25131265.00 | 4366.60 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32640 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2741400 | 214 |
| വിധവാപെൻഷൻ | 7181700 | 587 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 15165000 | 1249 |
| വികലാംഗപെൻഷൻ | 3471100 | 294 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 468100 | 37 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2020 ഉച്ചകഴിഞ്ഞ് 2.45മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1827/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>മരാമത്ത് പ്രവൃത്തികൾ</u>

1. മരാമത്ത് പ്രവൃത്തികൾക്ക് അംഗീകരിക്കപ്പെടുന്ന ടെണ്ടർ സമർപ്പിക്കുന്ന കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസുകളിലൊന്നും തന്നെ നമ്പരോ തിയതിയോ രേഖപ്പെടുത്താറില്ല.
2. കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റുന്നതിന്റെ തിയതിയോ ഒപ്പോ രേഖപ്പെടുത്താറില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ പോലും സാധ്യമല്ലാത്ത അവസ്ഥയാണ്.

<u>രസീതുകൾ</u>

വെറ്റിനറി സർജൻ ഗുണഭോക്തൃവിഹിതം പിരിയ്ക്കാനായി ഉപയോഗിച്ച രസീതുകളിൽ വെട്ടുതിരുത്തലുകൾ വരുത്തിയിരിക്കുന്നു. ഗുണഭോക്തൃ വിഹിതം പിരിച്ചത് സമയബന്ധിതമായി അടയ്ക്കുന്നില്ല.

<u>വാടക രജിസ്റ്റർ</u>

ഡെപ്പോസിറ്റ് വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് വാടക രജിസ്റ്റർ പരിപാലിച്ചുപോരുന്നത്.

<u>ഡി&ഒ ലൈസൻസ്</u>

ലൈസൻസ് ഫീസ് പിരിക്കുന്നതിൽ കൃത്യത ഇല്ല. ലൈസൻസ് എടുക്കാൻ താമസിച്ച സ്ഥാപന ഉടമകളിൽ നിന്നും അധിക ഫീസ് ഈടാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

<u>സൂചിക – ബാക്ക് ഓഫീസ് പ്രവർത്തനം</u>

പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളും മറ്റ് തപാലുകളും സൂചികയിലൂടെ അതാത് സെക്ഷനുകളിൽ ലഭിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ തീർപ്പാക്കൽ സൂചികയിലൂടെ നടത്തപ്പെടുന്നില്ല. ഓഡിറ്റ് വർഷത്തിൽ ലഭിച്ച തപാലുകൾ സൂചികപ്രകാരം തീർപ്പാക്കുവാൻ

അവശേഷിക്കുന്നതായി കാണുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2020 | 12/2019 | 15.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.2008 | 1997-1998 - 2007-2008 | 12.6.2008 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 രസീതുകളുടെ പരിശോധന – അപാകതകൾ

1. <u>രസീത് പ്രകാരമുള്ള പിരിവ് തുക യഥാസമയം അടവാക്കുന്നതിൽ ഗുരുതരമായ വീഴ്ച.</u>

എ.) വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകിയിട്ടുള്ള രസീതുകൾ പരിശോധിച്ചതിൽ രസീത് ബുക്ക് നം.28776 ൽ രസീത് നം.59 മുതൽ 100 വരെ 1310/- രൂപ വീതം 31.01.2020 ൽ ആകെ 55020/- രൂപ പിരിച്ചിട്ടുണ്ട്. 10.02.2020 വരെ ഈ തുക ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടില്ല. വെറ്ററിനറി സർജന്റെ കളക്ഷൻ രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ തുക അടച്ച രസീത് ഇതോടൊപ്പം അറ്റാച്ച് ചെയ്യുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ രസീത് ബുക്കിലെ 1 മുതൽ 58 വരെയുള്ള രസീതുകളുടെ വിവരങ്ങൾ 18.12.2019 ൽ കളക്ഷൻ രജിസ്റ്റർ പേജ് 80 ൽ രേഖപ്പെടുത്തി തുക പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. കൂടാതെ 31.01.2020 ൽ രസീത് ബുക്ക് നം. 62480 പ്രകാരം (രസീത് നം. 17 മുതൽ 95 വരെ ) സമാഹരിച്ച 96380 രൂപ സാംഖ്യാ രസീത് നം. 119020102533 പ്രകാരം 31.01.2020 ൽ അടച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം 31.01.2020 ന് പിരിച്ച 55020/- രൂപ നാളിതുവരെയായി പഞ്ചായത്തിൽ അടക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (1/11.2.20) നൽകിയതിനെ തുടർന്ന് 12.02.2020 ൽ രസീത് നം. 119020102775 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. വിവിധ ഗുണഭോക്താക്കളിൽ നിന്നും 31.01.2020 ൽ പിരിച്ച തുക നിയമപ്രകാരം തൊട്ടടുത്ത പ്രവൃത്തി ദിവസം ഗ്രാമ പഞ്ചായത്തിൽ അടയ്ക്കേണ്ടതിന് പകരം ആയത് അടയ്ക്കാതെ ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ മാത്രമാണ് അടച്ചത് .

ബി). കളക്ഷൻ രജിസ്റ്റർ പേജ് 59 മുതൽ 63 വരെ ആകെ 111280 രൂപ 28.02.2019 ൽ പിരിച്ചിട്ടുണ്ട്. (രസീത് ബുക്ക് നം. 28763, 28768,). ഈ തുക പഞ്ചായത്തിൽ അടച്ചിരിക്കുന്നത്

05.03.2019 ൽ ആണ് ( കളക്ഷൻ രജിസ്റ്റർ പേജ്-63).

മേൽ വിവരിച്ച രണ്ട് അവസരത്തിലും ഗുണഭോക്താക്കളിൽ നിന്നും പിരിച്ച തുക അനധികൃതമായി നിർവ്വഹണോദ്യോഗസ്ഥ കൈവശം വച്ചിരിക്കുന്നതായി വ്യക്തമാകുന്നു. കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 7(2) പ്രകാരം രസീത് ഉപയോഗിച്ച് പിരിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം അടയ്ക്കേണ്ടതാണ്. എന്നാൽ ഇതിന് വിരുദ്ധമായി പിരിവ് തുക യഥാസമയം ഒടുക്ക് വരുത്താതെ ആഴ്ചകളോളം കൈവശം വെച്ചുകൊണ്ടിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. പണമിടപാടിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ല എന്ന് ഇതിനാൽ വ്യക്തമാകുന്നു.

2. <u>രസീതുകളുടെയും കളക്ഷൻ രജിസ്റ്ററിന്റേയും പരിപാലനം - അപാകതകൾ</u>

എ. രസീതുകളിൽ വെട്ടിതിരുത്തലുകൾ വരുത്തിയിരിക്കുന്നു. രസീത് ബുക്ക് നം. 28780 ൽ രസീത് നം. 1മുതൽ 41 വരെ വെട്ടി തിരുത്തലുകൾ വരുത്തിയിട്ടുണ്ട്.

ബി. കളക്ഷൻ രജിസ്റ്ററിൽ രസീതുകളിലെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗിച്ച രസീതുകളുടെ വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല.

സി. രസീതുകൾ ക്രമ പ്രകാരം (തുടർച്ചയായി) ഉപയോഗിച്ചിട്ടില്ല. രസീത് ബുക്ക് നം. 28776 ൽ രസീത് നം. 1 മുതൽ 58 വരെ 18.12.2019 ലും, 59 മുതൽ 100 വരെ 31.01.2020 ലും ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന് ശേഷം നൽകിയ രസീതുകൾ 25.11.2019 (62477) തീയതി ഉപയോഗിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് രസീത് നൽകുന്നതിലും തുക അടയ്ക്കുന്നതിലും സൂക്ഷ്മത പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ വിവരിച്ചവയ്ക്ക് വിശദികരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/12-02-2020 ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്റിനറി സർജൻ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം അപാകതകൾ മേലിൽ ആവർത്തിക്കില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഒരു തീയതിയിൽ രസീത് എഴുതിയാൽ അന്നേ ദിവസം തന്നെ തുക കൈവശം ലഭിക്കുമെന്നിരിക്കെ തിയതി രേഖപ്പെടുത്തിയതിൽ തെറ്റ് പറ്റിയതാണെന്ന മറുപടിയോട് ഓഡിറ്റ് യോജിക്കുന്നില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ എന്ന നിലയിൽ ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ സൂക്ഷ്മത പാലിക്കേണ്ടതാണ്.

# 1-13 ഗ്രാമ പഞ്ചായത്തിന്റെ കെട്ടിടം വാടകയ്ക്ക് നൽകൽ – അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പൈങ്ങോട്ടൂർ ജംങ്ഷനിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലേതുൾപ്പെടെ വിവിധ കട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക പിരിവ് , പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ 05.10.2012-ലെ 14(1)കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഈ

ബൈലോയിലെ ഖണ്ഡിക 12 പ്രകാരം ലേലക്കാരൻ സ്വന്തം ചെലവിൽ ഗ്രാമ പഞ്ചായത്തുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ഖണ്ഡിക 5 പ്രകാരം , പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് തന്നെ ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുമെന്നും, എന്നാൽ അധിക വാടക നിലവിലുള്ള വാടക തുകയേക്കാൾ 5 ശതമാനം അധികരിക്കാൻ പാടില്ലാത്തതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷം വാടകക്കാരും ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം 01.04.2018 മുതൽ 31.03.2019 വരെയുള്ള ഒരു വർഷത്തേക്ക് മുൻ വാടകയുടെ 5 ശതമാനം വർദ്ധിത നിരക്കിൽ വാടക സമ്മതിച്ച് കരാർ ചമച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ചുവടെ ചേർക്കുന്ന വാടകക്കാർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നം | വാടകക്കാരന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | വർക്കി ജോയി | 1/378 |
| 2 | പോസ്റ്റ്മാസ്റ്റർ പൈങ്ങോട്ടൂർ | 1/384 |
| 3 | പോസ്റ്റ്മാസ്റ്റർ ചാത്തമറ്റം | V/154 A |
| 4 | പോസ്റ്റ്മാസ്റ്റർ കടവൂർ | VI/174 |

2. വാടകക്കാരനിൽ നിന്നും 3 മാസത്തെ ഡെപ്പോസിറ്റും, സെക്യൂരിറ്റി ഡെപ്പോസിറ്റും, സോൾവൻസി സർട്ടിഫിക്കറ്റും വാങ്ങിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. വാടക നിരക്കിന്റെ പ്രതിവർഷ വർദ്ധന നിരക്കിനേക്കാൾ കൂടിയ നിരക്കിൽ വാടക ഈടാക്കിയിട്ടുണ്ട്. ബൈലോ പ്രകാരവും, കരാർ പ്രകാരവും 5 ശതമാനം വാടക വർദ്ധനയാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ചില കടമുറികളുടെ വാടക നിരക്ക് മുൻവർഷത്തെ നിരക്കിൽ നിന്നുള്ള വർദ്ധന പരിശോധിച്ചപ്പോൾ നിലവിൽ പറഞ്ഞിരിക്കുന്ന നിരക്കിലും കൂടിയ നിരക്കിൽ വാടക പിരിച്ചിരിക്കുന്നതായി കണ്ടു. ഉദാഹരണത്തിന് വാടക രജിസ്റ്റർ പേജ് നം. 31 ൽ കെട്ടിട നം. I/438 D യുടെ വാടക 2018-19 ൽ 5363 ആണ്. 2018 ഏപ്രിൽ മാസത്തെ നിരക്ക് 4959 ആണ്. വർദ്ധന 5% പ്രകാരം 5207 ആണ് വരുന്നത്. എന്നാൽ 2019 ഏപ്രിൽ മാസത്തെ വാടക നിരക്ക് 5363 ആണ് പിരിച്ചിരിക്കുന്നത്. ആയത് പരിശോധിച്ചതിൽ മുൻ വർഷ വാടകയുടെ 8.15 ശതമാനമാണ് വർദ്ധനയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ബൈലോയിലേയും, കരാറിലേയും നിബന്ധനകൾക്ക് വിരുദ്ധമായി വാടക നിർണ്ണയം നടത്തിയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (712.2.20) മറുപടി ലഭ്യമാക്കിയില്ല. വാടകയ്ക്ക് നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് ഉണ്ടാക്കിയ ബൈലോ പ്രകാരവും, കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ചട്ടങ്ങൾ പ്രകാരവും വാടക സംബന്ധിച്ച് രേഖകളുടെ കാര്യത്തിലും, വാടക തുക നിശ്ചയിക്കുന്ന കാര്യത്തിലും ഉത്തരവാദിത്തപ്പെട്ട സെക്രട്ടറി ജാഗ്രത പുലർത്തേണ്ടതാണ്.

# 1-14 ഗ്രാമ പഞ്ചായത്ത് വക കടമുറികളിൽ നിന്നും സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവൃത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ ആകെ 45 കടമുറികൾ ആണ് ഉള്ളത്. 2018-19 ൽ 44 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിലെ വാടകക്കാർ ഗ്രാമ പഞ്ചായത്ത് ബൈലോ നിഷ്കർഷിക്കുന്ന നിരക്കായ 5 ശതമാനം വർദ്ധനയോട് കൂടി 2018-19 വർഷവും കുത്തക തുടരുകയും ചെയ്തിരിക്കുകയാണ്. ഇതിൽ 5 കടമുറികളിൽ ലൈസൻസ് ആവശ്യമില്ലാത്ത പോസ്റ്റ് ഓഫീസ്, കുടുംബശ്രീ കർഷക സഹായ കേന്ദ്രം, എറണാകുളം ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ആണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 39 കടമുറികളിൽ 11എണ്ണം മാത്രമാണ് 2018-19 വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2018-19 ൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാടകക്കാരന്റെ പേര് | കെട്ടിട നം. | വാടക രജിസ്റ്റർ പേജ് നം |
|---|---|---|---|
| 1 | വർക്കി ജോയി | II/290 | 3 |
| 2 | A.C. മാത്യു | II/289, | 4 |
| 3 | A.C. മാത്യു | II/288, | 5 |
| 4 | A.C. മാത്യു | II/287 | 6 |
| 5 | ജോസ് എം.എൻ. | II/285 | 7 |
| 6 | ജോസ് ജോസഫ് | II/284 | 8 |
| 7 | ഫക്രുദ്ദീൻ | II/279 | 11 |
| 8 | ജോസ് ജോസഫ് | II/283 | 14 |
| 9 | എം.സി.തമ്പി | II/282 | 15 |
| 10 | ജോസ് ജോസഫ് | II/294 | 22 |
| 11 | മിനി സണ്ണി | II/679 | 25 |
| 12 | ബേബിച്ചൻ മത്തായി | II/680 | 26 |
| 13 | ജസ്റ്റിൻ | II/681 | 27 |
| 14 | ജിന്റോ .പി.ബേബി | II/449 | 28 |
| 15 | എൽദോ ജോൺ | II/448 | 29 |
| 16 | കെ.പി.മീരാൻ | II/445 | 32 |
| 17 | ഫ്രാൻസിസ്.പി.ജോർജ്ജ് | II/443 | 34 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 18 | ബെന്നി ടി.കുര്യാക്കോസ് | II/442 | 35 |
| 19 | ജിസ് കെ.വി. | II/440 | 37 |
| 20 | വിനോജ് അദായി | II/439 | 38 |
| 21 | പി.കെ.ബേബി | II/438 L | 39 |
| 22 | പി.കെ.ബേബി | II/43 M | 40 |
| 23 | പി.കെ.ബേബി | II/438 L | 41 |
| 24 | കെ.എം.സുബൈർ | II/438 O | 42 |
| 25 | എം.പി.സലീം | II/438 P | 43 |
| 26 | ഷിയാസ് .കെ.പി. | II/438 Q | 44 |
| 27 | കെ.പി.മീരാൻ | II/438 R | 45 |
| 28 | കെ.എ. മുഹമ്മദ് | II/438 S | 46 |

2. 2018-19 ൽ ലൈസൻസ് എടുത്തിട്ടുള്ള 11 വാടകക്കാരിൽ കാല താമസം വരുത്തിയ 9 പേരിൽ നിന്നും അധിക ഫീസ് ഈടാക്കിയില്ല. ലൈസൻസ് പുതുക്കുന്നതിനോടൊപ്പമുള്ള മുൻവർഷ ലൈസൻസ് പകർപ്പിൽ തന്നെ ലൈസൻസ് കാലാവധി 31-03-2018 വരെ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ലൈസൻസ് അപേക്ഷ തീയതി | ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | 2/291 A | 13-02-2019 | 400 |
| 2 | 2/277 | 28-03-2019 | 100 |
| 3 | 2/444 | 22-03-2019 | 200 |
| 4 | 2/438/D | 26-03-2019 | 200 |
| 5 | 2/447 | 09-10-2018 | 300 |
| 6 | 2/281 | 19-09-2018 | 300 |
| 7 | 1/377/A | 19-09-2018 | 200 |
| 8 | 2/280 | 11-05-2018 | 500 |
| 9 | 3/377 - B | 11-07-2018 | 400 |

മേൽ വിവരിച്ചത് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പഞ്ചായത്ത് വക കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു. കൂടാതെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ നിന്നും വൈകിയതിന് നിയമപ്രകാരം ചുമത്തേണ്ട അധിക ഫീസ് (25%) ഈടാക്കിയിട്ടില്ല. ആയതിനാൽ ഇപ്രകാരം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചതിനും, നിയമപ്രകാരമുള്ള അധിക ഫീസ് ഈടാക്കാതിരുന്നതിനും വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/13.2.20) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിലവിലെ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും, ലൈസൻസ്

ഇനിയും എടുക്കാൻ തയ്യാറാകാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# 1-15 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

2018-19 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, നിയമാനുസരണം കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷിക്കുകയോ, കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. എഗ്രിമെന്റിലെ വ്യവസ്ഥ 7 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതെ കാലതാമസം വരുത്തുന്ന ആദ്യത്തെ 3 മാസത്തേക്ക് കരാർ തുകയുടെ 1% തുകയും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% തുകയും എന്ന നിരക്കിൽ ഫൈൻ ഈടാക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാർ തുക/ കാലയളവ് | കരാറു കാരൻ | എഗ്രി മെന്റ് തിയതി | പൂർത്തി യാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാ ക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|---|
| 1 | 38/18 ഞാറക്കാട് വെയിറ്റിംഗ് ഷെഡ് അറ്റ കുറ്റപ്പണി | 59655 3മാസം | ഫ്രാൻസിസ് ജോൺ | 2.9.17 | 1.12.17 | 15.3.18 | 3മാസം 15 ദിവസം | 59655x 1% = 596/- |
| | | | | | | | | 59655x2%x 15/90=199 ആകെ 795/- |
| 2 | 101/18 വിവിധ വാർഡു കളിലെ പൊതു കിണർ പുനരുദ്ധാരണം | 222797 4മാസം | ആർ.വൈ. ജോസഫ് | 13.9.17 | 12.1.18 | 30.5.18 | 4മാസം 19 ദിവസം | 222797x1% = 2228/- |
| | | | | | | | | 222797x2%x 49/90=2426 ആകെ 4654/- |
| 3 | 106/19 കടവൂർ എൽ.പി.സ്കൂൾ അടുക്കള നിർമ്മാണം | 463589 6മാസം | റമീസ്.എം.ഇ | 28.9.17 | 27.3.18 | 10.5.18 | 45ദിവസം | 463589x1%x 45/90 = 2318 |
| ആകെ | | | | | | | | 7767 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/13.2.2020) ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-16 ലൈഫ് ഭവനപദ്ധതി- പട്ടികജാതി വിഭാഗത്തിന് ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം വകമാറ്റി ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് വേണ്ടിയുള്ള ലൈഫ് പദ്ധതിയിലേക്കായി 2017-18 വർഷത്തിൽ "1374/18, ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)" എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ എറണാകുളം ജില്ലാപഞ്ചായത്ത് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ വിനിയോഗിക്കാത്തതും 2018-19-ൽ മുന്നിരിപ്പായുള്ളതുമാണ്. ഓഡിറ്റ് വർഷത്തിൽ ലൈഫ് പദ്ധതിക്കായി വിനിയോഗിച്ച ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| | മുന്നിരുപ്പ് | 18-19 വർഷം ലഭിച്ച വിഹിതം | പ്രോജക്ട് | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | 35,00,000/- | 20,00,000/- | ലൈഫ് ഭവന പദ്ധതി -എസ്.സി. (എസ്.103/19) | 48,00,000/- | 7,00,000/- |
| | 0 | 32,00,000/- | ലൈഫ് ഭവന പദ്ധതി -ജനറൽ (എസ്.102/19) | 38,99,034/- | -6,99,034/- |
| ആകെ | 35,00,000/- | 52,00,000/- | | 86,99,034/- | 966/- |

വാർഷിക കണക്കിലെ ബി.4 ഷെഡ്യൂളിൽ 320700205 ഹെഡിൽ റവന്യൂ ചിലവിനായുള്ള ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരുപ്പ് 966/- രൂപയാണ്. ഇതിൽ നിന്നും എസ്.സി.പി. ഫണ്ട് പൊതുവിഭാഗത്തിനായി ചെലവഴിച്ച എന്ന് മനസ്സിലാക്കാവുന്നതാണ്. തുക വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/16.02.2020) ക്ലറിക്കൽ പിഴവ് മൂലമാണ് ഇങ്ങനെ സംഭവിച്ചതെന്നും ഇനി പ്രോജക്ട് ഭേദഗതി ചെയ്ത് 699034/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി എസ്.സി. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-17 വിവിധ വാർഡുകളിൽ പൊതു കിണർ പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു.

2017-18ൽ 250000/- രൂപ അടങ്കൽ നിശ്ചയിച്ച് 101/18 നമ്പറായി ഏറ്റെടുത്ത പദ്ധതിയായിരുന്ന ഇത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം VIII- വാർഡിൽ 4-ാം ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പൊതുകിണർ, IX വാർഡിൽ ഞാറക്കാട് കവലയിൽ സ്ഥിതിചെയ്യുന്ന പൊതു കിണർ എന്നിവ പുനരുദ്ധാരണം നടത്തി ഉപയോഗയോഗ്യമാക്കുന്നതിനായാണ് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത്. 13.9.2017ൽ എഗ്രിമെന്റ് വെച്ച് 222797/-രൂപയ്ക്ക്, 4 മാസകാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ കരാറുകാരൻ ശ്രീ.ആർ.വൈ.ജോസഫ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാതെ 107/19 നമ്പർ സ്പിൽ ഓവർ പദ്ധതിയായി 2018-19 ൽ ഏറ്റെടുത്ത് എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും നടപ്പിലാക്കാതെ 72892/-രൂപ ചെലവഴിച്ച് ഏതാനും പ്രവൃത്തികൾ മാത്രം നടപ്പിലാക്കി പദ്ധതി അവസാനിപ്പിച്ചതായാണ് കാണുന്നത്. ഇപ്രകാരം പദ്ധതി പൂർണ്ണമായും നടപ്പിലാക്കി ജനോപകാരപ്രദമാക്കാതെ ഭാഗികമായി നടപ്പിലാക്കുവാനുണ്ടായ കാരണം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/13.2.20) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി നടപ്പിലാക്കുവാനായി 2018 മാർച്ചിൽ കരാറുകാരൻ സന്നദ്ധനായി വന്നപ്പോൾ കിണർ പുനരുദ്ധാരണ പ്രവൃത്തിയുടെ പ്രധാന ഇനമായ റിംഗിന്റെ മാർക്കറ്റ് റേറ്റ് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലായതുകൊണ്ട് നഷ്ടമുണ്ടാകുമെന്നതിനാൽ കരാറുകാരൻ പ്രവൃത്തി തുടരുവാൻ വിമുഖത കാണിച്ചുവെന്നും ഒരു കിണറിന്റെ പ്രവൃത്തി മാത്രം പൂർത്തീകരിച്ച് പദ്ധതി ഇടയ്ക്ക് വെച്ച് അവസാനിപ്പിച്ചുവെന്നും അറിയിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലെ നിരക്കുകൾ ബോധ്യപ്പെട്ട് കരാറിലേർപ്പെടുകയും പ്രവൃത്തി പൂർത്തിയാക്കാതെ ഇടയ്ക്ക് വെച്ച് അവസാനിപ്പിച്ച കരാറുകാരനെതിരെ നിമപരമായ നടപടികൾ സ്വീകരിക്കാതെയും റീ ടെണ്ടർ നടത്തി അധികചെലവുണ്ടായാൽ ആയത് ടിയാനിൽ നിന്നും ഈടാക്കുകയോ ടിയാനെ കരിമ്പട്ടികയിൽപെടുത്തുകയോ ചെയ്യാതെ ജനോപകാരപ്രദമായ പദ്ധതി പഞ്ചായത്ത് കമ്മറ്റിയുടെ പോലും അനുമതിയില്ലാതെ പാതിവഴിയിൽ ഉപേക്ഷിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 ലൈഫ് ഭവനനിർമ്മാണപദ്ധതി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി ലൈഫ് പദ്ധതി - ഭവനനിർമ്മാണം (എസ്.0103/19) |
| അടങ്കൽ | 1000000/- രൂപ (പ്രത്യേക ഘടകപദ്ധതി വിഹിതം)<br>5800000/- രൂപ ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | 5800000/- രൂപ ( ജില്ലാ പഞ്ചായത്ത് വിഹിതം)<br>5000000/- രൂപ ( മറ്റുള്ളവ – ലോൺ)<br>17600000/- |
| ചെലവ് | 1000000/- രൂപ (പ്രത്യേക ഘടകപദ്ധതി വിഹിതം)<br>1020000/- രൂപ ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>4800000/- രൂപ ( ജില്ലാ പഞ്ചായത്ത് വിഹിതം)<br>1540000/- രൂപ ( മറ്റുള്ളവ – ലോൺ)<br>8360000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

ലൈഫ് പദ്ധതിയുടെ ( പട്ടികജാതി) ഭാഗമായി ഓഡിറ്റ് വർഷത്തിൽ കരാറിൽ ഏർപ്പെട്ട് വിവിധ ഗഡുക്കൾ കൈപ്പറ്റിയ 36 ഗുണഭോക്താക്കളിൽ 13 പേർ കരാർ പ്രകാരം സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ഇനിയും കൈപ്പറ്റുവാനുള്ള ബാക്കി തുക |
|---|---|---|---|
| 1 | സുനി പി ഗോപാലൻ, പൊട്ടയിൽ | 300000/- | 100000/- |
| 2 | ദേവകി വേലായുധൻ തണികക്കുടിയിൽ | 350000/- | 50000/- |
| 3 | ഹരിദാസ് അശോകൻ കുളത്തുവിളയിൽ | 360000/- | 40000/- |
| 4 | തേനാങ്കിളി കുന്നപ്പിള്ളി | 360000/- | 40000/- |
| 5 | ഉഷ കൃഷ്ണൻ കൊള്ളിക്കാട്ടിൽ | 360000/- | 40000/- |
| 6 | ഓമന ചന്ദ്രൻ വെള്ളാപ്പിള്ളിൽ | 310000/- | 90000/- |
| 7 | പത്മനാഭൻ അയ്യപ്പൻ ചാലിൽ | 350000/- | 50000/- |
| 8 | ജയേഷ്.പി.എസ്. പുളിക്കക്കടവിൽ | 350000/- | 50000/- |
| 9 | ബാബു.പി.വി. വലിയകണ്ടത്തിൽകര | 350000/- | 50000/- |
| 10 | സാജു.വി.കെ, വട്ടക്കാനം | 350000/- | 50000/- |
| 11 | കുഞ്ഞുപെണ്ണ് ഗോവിന്ദൻ, നെടുമറ്റത്തിൽ | 350000/- | 50000/- |
| 12 | ശ്രീജ & ദേവ്കൃഷ്ണ കുന്നപ്പിള്ളിൽ | 300000/- | 100000/- |
| 13 | സിജ.കെ.റ്റി, കോട്ടക്കുടി കടവൂർ | 200000/- | 200000/- |

പണിപൂർത്തീകരിക്കാത്തതിന്റെ കാരണം എന്തെന്നും ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടതിന് ഇവർ പണി പൂർത്തീകരിച്ച് വരുന്നുണ്ട് എന്നും ഈ വർഷം തന്നെ ഭവനനിർമ്മാണം പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ ചെയ്തിട്ടുള്ളതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

എ) <u>സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു.</u>

സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.32 (ii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും (മെറ്റൽ - 40 മി.മീ, 20 മി.മീ, 10 മി.മീ., സിമെന്റ്, മണൽ, ) ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

ബി) <u>ടെണ്ടർ കുറവ് ഈടാക്കാത്തതുമൂലം നഷ്ടം രൂ.2172/-</u>

രണ്ട് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി ലഭിച്ച ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.5% കുറവാണ്. എന്നാൽ സപ്ലൈയുടെ ബിൽതുക നൽകിയപ്പോൾ ടെണ്ടർ കുറവ് ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1.

| പ്രവൃത്തിയുടെ പേര് | ചാപ്പൻപടി അവലുംതടം കോളനി റോഡ് കോൺക്രീറ്റിങ്ങ് (വർക്ക് കോഡ് 277137) |
|---|---|

| | |
|---|---|
| കരാറുകാരൻ | രമീസ് ഇബ്രഹിം |
| കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം - തുക | 373214.88 |
| നൽകിയ തുക | രൂ. 193253/- (FTO 42804) (എസ്റ്റിമേറ്റ് നിരക്കിൽ കണക്കാക്കിയത്)<br>രൂ. 149339/- (FTO 42806)<br>രൂ. 342592/- |
| നൽകാവുന്ന തുക | Inv. No.436/9.3.19 രൂ. 18693/-<br>Inv. No.435/3.3.19 രൂ. 324021.64<br>രൂ. 342714.64<br>0.5% കുറക്കുമ്പോൾ (1713.57) = രൂ. 341001.07 |
| കൂടുതൽ നൽകിയ തുക | രൂ. 1591/- |

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കമ്പിക്കവല ഇരട്ടക്കാലി റോഡ് കോൺക്രീറ്റിങ്ങ് (വർക്ക് കോഡ് 277146) |
| കരാറുകാരൻ | രമീസ് ഇബ്രഹിം |
| കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം - തുക | 165353.03 |
| നൽകിയ തുക | രൂ. 159186/- (FTO 42797)(എസ്റ്റിമേറ്റ് നിരക്കിൽ കണക്കാക്കിയത്) |
| നൽകാവുന്ന തുക | Inv. No.437/16.2.19 രൂ. 150725.36<br>Inv. No.438/24.2.19 രൂ. 8676.5<br>രൂ. 159401.86<br>0.5% കുറക്കുമ്പോൾ (797/-) = രൂ. 158604.86 |
| കൂടുതൽ നൽകിയ തുക | രൂ. 581/- |

സി) ജി.എസ്.ടി- ടി.ഡി.എസ്. ഈടാക്കിയില്ല. നഷ്ടം 6852/- രൂപ

2017 ലെ ജി.എസ്.റ്റി.നിയമം, വകുപ്പ് 51 പ്രകാരമുള്ള ടി.ഡി.എസ്. ഈടാക്കിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചാപ്പൻപടി അവല്യംതടം കോളനി റോഡ് കോൺക്രീറ്റിങ്ങ് (വർക്ക് കോഡ് 277137) |
| കരാറുകാരൻ | രമീസ് ഇബ്രഹിം |
| കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് പ്രകാരം - തുക | 373214.88 |
| നൽകിയ തുക | രൂ. 193,253/- (FTO 42804)<br>രൂ. 149,339/- (FTO 42806)<br>രൂ. 342592/- |
| | Inv. No.436/9.3.19 രൂ. 18693/- |

| | |
|---|---|
| | Inv. No.435/3.3.19 രൂ. 324021.64<br>രൂ. 342714.64 |
| ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. | SGST 1% = 3426/-<br>CGST 1% = 3426/-<br>ആകെ : 6852/- |

ഡി) <u>കരാർ ചമയ്ക്കുന്നതിന് മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചില്ല.</u>

2018 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ കരാർ ചമയ്ക്കുന്നതിന് ഉപയോഗിക്കണം. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ പല പ്രവൃത്തികൾക്കും മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാർതുക (കൺസോളിഡേറ്റഡ് മെറ്റീരിയൽ ലിസ്റ്റ് - തുക) | ആവശ്യമായ മുദ്രപ്പത്രത്തിന്റെ മൂല്യം | ഉപയോഗിച്ച മുദ്രപത്രത്തിന്റെ മൂല്യം | കുറവ് വന്ന മുദ്രപ്പത്ര മൂല്യം |
|---|---|---|---|---|
| ചാപ്പൻപടി അവലുംതടം കോളനി റോഡ് കോൺക്രീറ്റിങ്ങ് | 373214.88 | 370 | 200 | 170 |
| കുളപ്പുറം മാരിയിൽ റോഡ് കോൺക്രീറ്റിങ്ങ് | 221881.39 | 220 | 200 | 20 |
| അങ്കൻവാടി തുരുത്തേൽപടി റോഡ് കോൺക്രീറ്റിങ്ങ് | 224809.96 | 230 | 200 | 30 |
| ഞാറക്കാട് കാട്ടാംകെട്ടിൽപാടം റോഡ് കോൺക്രീറ്റിങ്ങ് | 224767.52 | 230 | 200 | 30 |
| ജനന റോഡ് മുതൽ അത്തിയാട് റോഡ് വരെ റോഡ് കോൺക്രീറ്റിങ്ങ് | 223503.33 | 230 | 200 | 30 |
| മുടിലപ്പടി കോയിക്കരപടി റോഡ് കോൺക്രീറ്റിങ്ങ് | 225349.45 | 230 | 200 | 30 |
| തകിടിപ്പീടിക സൗത്ത് പുന്നമറ്റം റോഡ് കോൺക്രീറ്റിങ്ങ് | 222020.22 | 230 | 200 | 30 |
| ആകെ | | | | 340 |

ഇ) <u>സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല</u>

കോൺക്രീറ്റിങ്ങ് വേലകൾക്കായി സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ കരാറുകാരൻ നൽകിയ ഇൻവോയ്സ് പ്രകാരമുള്ള അളവിനാണ് തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയ തുകയ്ക്കുള്ള അളവ് സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുണ്ടെന്ന് എങ്ങനെ ഉറപ്പാക്കി എന്ന് വ്യക്തമാക്കേണ്ടതാണ്.

എഫ്) <u>ഇൻവോയ്സ് ജി.എസ്.ടി.പ്രകാരമുള്ളതല്ല</u>

കരാറുകാരൻ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് നൽകിയിട്ടുള്ള ഇൻവോയ്സ് ജി.എസ്.ടി. പ്രകാരമുള്ളതല്ല. ഇത് സാധനങ്ങളുടെ വിൽപനയിലൂടെ സർക്കാരിലേക്ക് ലഭിക്കേണ്ട റവന്യൂനഷ്ടത്തിനിടയാക്കിയിട്ടുണ്ട്.

ജി) <u>കരാർ അപൂർണ്ണം</u>

പ്രവൃത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് വേണ്ടി ഉണ്ടാക്കിയിട്ടുള്ള കരാറുകൾ അപൂർണ്ണമാണ്. കരാർ നമ്പർ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കരാറുകാരന്റെ പേര് മേൽവിലാസം, കരാറിലേർപ്പെടുന്ന ഉദ്യോഗസ്ഥന്റെ പേര് മോൽവിലാസം, കരാർ തുക എന്നിവയൊന്നും രേഖപ്പെടുത്താതെയാണ് കരാറുകൾ സൂക്ഷിച്ചിട്ടുള്ളത്.

# 1-20 സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള താൽക്കാലിക നിയമനം

ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തി തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതായി കാണുന്നു. ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും വേതനം നൽകുന്നതു സംബന്ധിച്ചും 26.02.2016 ൽ സ.ഉ.(അച്ചടി) 28/2016/ ധന.നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ദിവസവേതന/ കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമെ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവിനെ തുടർന്ന് എല്ലാ വർഷവും ദിവസവേതന നിരക്ക് പരിഷ്കരിച്ച് സർക്കാർ ഉത്തരവുകളിലും ഈ നിർദ്ദേശങ്ങൾ നൽകുന്നുമുണ്ട്. കൂടാതെ 11.01.2019 ലെ 03/2019 / ധന നമ്പർ സർക്കുലർ പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമേ താൽക്കാലിക നിയമനം നടത്താവൂ എന്ന് കർശന നിർദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളിൽ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത ഒഴിവുകളിലേക്ക് 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്റ്റിന് വിധേയമായി മാത്രമെ നിയമനം നടത്താവൂ എന്ന നിയമവും ഇക്കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

നിയമ / ചട്ട വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ താൽക്കാലിക നിയമനങ്ങളും ചെലവ് തുകയും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

എ) ശ്രീമതി. റജി.പി എന്നയാളെ ദിവസവേതനാടിസ്ഥാനത്തിൽ ക്ലെർക്ക് തസ്തികയിൽ നിയമിച്ച് തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം / ചെക്ക് നം | തുക | വിശദവിവരം |
|---|---|---|---|
| 1 | 21800020/4.4.18 | 13000 | മാർച്ച് 2018 ൽ 26 ദിവസം @500 / ദിവസം |
| 2 | 21800087/2.5.18 | 11000 | ഏപ്രിൽ 2018 ൽ 22 ദിവസം @500 / ദിവസം |
| 3 | 21800160/1.6.18 | 12000 | മെയ് 2018 ൽ 24 ദിവസം @500 / ദിവസം |
| 4 | 21800263/2.7.18 | 6000 | ജൂൺ 2018 ൽ 12 ദിവസം @500 / ദിവസം |
| 5 | 21800355/1.8.18 | 12500 | ജൂലൈ 2018 ൽ 25 ദിവസം @500 / ദിവസം |
| 6 | 21800419/21.8.18 | 11000 | ആഗസ്റ്റ് 2018 ൽ 22 ദിവസം @500 / ദിവസം |
| 7 | 419992/7.9.18 | 4000 | ആഗസ്റ്റ് 2018 ൽ (പ്രളയത്തെ തുടർന്ന് അവധി ദിവസങ്ങൾ ജോലി ചെയ്തു എന്ന് രേഖപ്പെടുത്തി )8 ദിവസം @500 / ദിവസം |
| 8 | 420359/1.10.18 | 18125 | സെപ്റ്റംബർ 2018 ൽ 25ദിവസം @725 / ദിവസം |
| 9 | 21800590/2.11.18 | 18125 | ഒക്ടോബർ 2018 ൽ 25ദിവസം @725 / ദിവസം |
| 10 | 21800675/1.12.18 | 19575 | നവംബർ 2018 ൽ 27ദിവസം @725 / ദിവസം |
| 11 | 21800741/1.1.19 | 18125 | ഡിസംബർ 2018 ൽ 25ദിവസം @725 / ദിവസം |
| 12 | 21800817/1.2.19 | 15225 | ജനുവരി 2019 ൽ 21ദിവസം @725 / ദിവസം |
| 13 | 21800882/1.3.19 | 16675 | ഫെബ്രുവരി 2019 ൽ 23ദിവസം @725 / ദിവസം |
| ആകെ | | 175350 | |

മാർച്ച് മുതൽ ആഗസ്റ്റ് വരെ പ്രതിദിനം 500/- രൂപ നിരക്കിലും ( ഇത്തരത്തിൽ ദിവസവേതന നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടില്ല) സെപ്റ്റംബർ മുതൽ പ്രതിദിനം 725/- രൂപ നിരക്കിലും ആണ് തുക നൽകിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമല്ല.

ബി) ശ്രീമതി.ഡാലിയ ജോസ് എന്നയാളെ ഡാറ്റ എൻട്രി ഓപ്പറേറ്ററായി നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിക്കായി (നിലവിൽ മറ്റ് രണ്ട്പേർ ഇതിലേക്കായി നിയമിക്കപ്പെട്ടിട്ടുണ്ട്) അല്ലാതെ ഗ്രാമപഞ്ചായത്തിൽ ഇത്തരം പോസ്റ്റിന് അംഗീകാരം നൽകിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം / ചെക്ക് നം | തുക | വിശദവിവരം |
|---|---|---|---|
| 1 | 21800589/2.11.18 | 17400 | ഒക്ടോബർ 2018 ൽ 24 ദിവസം @725 / ദിവസം |
| 2 | 21800676/1.12.18 | 16675 | നവംബർ 2018 ൽ 243 ദിവസം @725 / ദിവസം |
| 3 | 21800746/1.1.19 | 17400 | ഡിസംബർ 2018 ൽ 24 ദിവസം @725 / ദിവസം |
| 4 | 21800839/4.2.19 | 10150 | ജനവരി 2019 ൽ 14 ദിവസം @725 / ദിവസം |
| ആകെ | | 61625 | |

ഇത്തരം നിയമനങ്ങൾ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ടുമാത്രമെ ചെയ്യാവൂ എന്ന് മുൻവർഷത്തെ)ഓഡിറ്റ് റിപ്പോർട്ടിൽ (നം.കെ.എസ്.എ.ഇ.കെ.എം.(പി.7)120/2019 / 15.2.2019) ഖണ്ഡിക 3.3 ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വിവരം 2017-18 ഓഡിറ്റ് വേളയിൽ ഇക്കാര്യം നേരിൽ ബോധിപ്പിച്ചിട്ടുള്ളതുമാണ്. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പൂർണ്ണമായും പാലിച്ച് ആയത് തീർപ്പാക്കാതെ അതേ സ്വഭാവത്തിലുള്ള ചെലവുകൾ തുടർന്ന് ഓഫീസ് മേധാവി ചെയ്യാവുന്നതല്ല എന്ന് കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആനുച്ഛേദം 64 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്നും സർക്കാരിൽ നിന്നുള്ള അനുമതിയില്ലാതെ തന്നെ താൽക്കാലിക നിയമനങ്ങൾ നടത്തി തുക വിനിയോഗിക്കുന്നത് കൂടുതൽ ഗൗരവത്തോടെയും പൊതുപണത്തിന്റെ ദുർവിനിയോഗമായും ഓഡിറ്റ് കാണുന്നു. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെയുള്ള 236975/- രൂപയുടെ ചെലവ് സാധൂകരിക്കുന്നതിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

# 1-21 ഡ്രൈവിങ്ങ് പരിശീലനം - സർക്കാർ നിർദേശത്തിന് വിരുദ്ധമായ പ്രോജക്ട്

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി യുവതി യുവാക്കൾക്ക് ഡ്രൈവിങ്ങ് പരിശീലനം (എസ്.0019/19) |
| അടങ്കൽ | 191687/- രൂപ (പ്രത്യേക ഘടകപദ്ധതി വിഹിതം) |
| ചെലവ് | 25550/- രൂപ ( ബിൽ നം.22/18-19/ 20.3.2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

പ്രോജക്ടിന്റെ ഭാഗമായി അഞ്ച് ഗുണഭോക്താക്കൾക്ക് ഡ്രൈവിങ്ങ് ലൈസൻസ് എടുത്ത് നൽകിയതിന്റെ ഭാഗമായി ശ്രീ.ശിവരാജൻ, ശരണ്യ ഡ്രൈവിങ്ങ് സ്കൂൾ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | ലൈസൻസ് നമ്പർ | വാഹനത്തിന്റെ | നൽകിയ |
|---|---|---|---|

| | | ഇനം | ധനസഹായം |
|---|---|---|---|
| ഷാമിന.വി.കെ. | 44/65/2019/7.1.19 | LMV | 3650 |
| ബിൽബിലാൽ പി സജി | 44/419/2019/5.2.19 | LMV | 3650 |
| ആതിര കൃഷ്ണൻ | 44/1036/2018/6.4.18 | LMV | 3650 |
| ഹരീഷ് രാജപ്പൻ | 44/4633/2014/21.6.18 | LMV, 3 Whlr | 7300 |
| അനൂപ് ഷാജി | 44/1687/2018/28.5.18 | LMV, 3 Whlr | 7300 |
| ആകെ | | | 25550 |

<u>ഓഡിറ്റ് പരാമർശം</u>

സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ/ 14.2.2018 -ം നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.5 പ്രകാരം വികസന പ്രോജക്റ്റിന്റെ ഭാഗമായി മാത്രമെ പരിശീലനങ്ങൾ ഏറ്റെടുക്കാവൂ എന്നും പരിശീലനത്തിന് മാത്രമായി പ്രോജക്ട് ഏറ്റെടുക്കുവാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്വയം തൊഴിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾ പാലിച്ചു കൊണ്ട് പരിശീലനം നടത്താമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, പരിശീലനത്തിന് മാത്രമായി പ്രോജക്ട് നടപ്പിലാക്കിയത് ക്രമ വിരുദ്ധമാണ്. സ്വയം തൊഴിലിന്റെ ഭാഗമായിട്ടായിരുന്നെങ്കിൽ ലൈസൻസ് എടുക്കുന്നതിന് ധനസഹായം അനുവദിക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ കണ്ടെത്തിയിട്ടുള്ള തൊഴിൽ എന്തെന്ന് രേഖാമൂലം വ്യക്തമാക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുടർവർഷത്തിൽ പരിശീലനം ലഭിച്ചവർക്കായി ഓട്ടോറിക്ഷ വാങ്ങൽ പ്രോജക്ട് ഏറ്റെടുക്കുന്നതിന് നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നു മുൻകാലങ്ങളിൽ ഈ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ കാണാത്തതിനാലുമാണ് ഇത് നടപ്പിലാക്കിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓട്ടോറിക്ഷ വാങ്ങൽ എന്ന പ്രോജക്ട് ഓഡിറ്റ് വർഷത്തിൽ ഏറ്റെടുത്തില്ല. മാത്രമല്ല മുച്ചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് രണ്ടാളുകൾ മാത്രമാണ് നേടിയിട്ടുള്ളത് എന്നതിനാലും മറുപടി തൃപ്തികരമല്ല. സർക്കാർ ധനസഹായം കൈപ്പറ്റി ഡ്രൈവിങ്ങ് ലൈസസൻസ് നേടിയവർ നിലവിൽ ഡ്രൈവിങ്ങ് ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ടെന്ന് മോണിട്ടറിങ്ങ് സമിതി ഉറപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വിധേയമായി 25550/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-22 ചെലവ് രേഖകളില്ല – 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ ചെലവ് ഹെഡിൽ രേഖപ്പെടുത്തി വിനിയോഗിച്ച താഴെ ചേർക്കുന്ന തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

| വൗച്ചർ / ചെക്ക് നം | തുക | ചെലവ് ശീർഷകം | ചെലവിന്റെ ഇനം |
|---|---|---|---|
| 420364/ 3.10.2018 | 10000/- | 220800105 | ജൈവധര മൂല്യവർദ്ധിത യൂണിറ്റ് ഉദ്ഘാടനചെലവ് |
| ആകെ | 10000/- | | |

ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് വിധേയമായി 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-23 തുല്യതാ പരീക്ഷാ എഴുതിയതിന്റെയോ തുല്യതാ കൈവരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

തുല്യതാ സാക്ഷരതാ പരിപാടി (നം.S0035/2019) എന്ന പ്രോജക്ടിനായി ചെക്ക്നം.2354053/18.03.2019 പ്രകാരം 24,900/-രൂപ കടവൂർ ജി.എൽ.പി.എസ്സ്.ഹെഡ്മിസ്ട്രസ്സ് ചിലവഴിച്ചിട്ടുണ്ട്. 10-ക്ലാസിലെ 4 പഠിതാക്കൾക്കായി 7400/- രൂപയും 11 ക്ലാസിലെ 7 പഠിതാക്കൾക്കായി 17500/-രൂപയും തുല്യതാകോഴ്സ്ഫീസായി സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് മേൽപ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും ടി പഠിതാക്കൾ തുല്യത പരീക്ഷാ എഴുതിയതിന്റെയോ തുല്യതാ കൈവരിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ 24,900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.കെ) വിഹിതം നൽകൽ (നം.S0001/19 )എന്ന പ്രോജക്ടിനായി ബിൽ നം.1/ 2018-19 / 29.06.2018 പ്രകാരം 2,00,000/-രൂപ കടവൂർ ജി.എൽ.പി.എസ്സ്.ഹെഡ്മിസ്ട്രസ് ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം.11) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-25 വെള്ളക്കരം കുടിശ്ശിക - ഉത്ഭവത്തിൽ കുറവ് ചെയ്തത് -പരിഷ്കരിച്ച ഡിമാന്റ് ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ട് | കെ.ഡബ്ലിയു.എ. യ്ക്ക് അടക്കേണ്ട കുടിശ്ശികത്തുക (എസ്.0144/19) |
| അടങ്കൽ | 775261/- വികസന ഫണ്ട് - പൊതുവിഭാഗം |
| ചെലവ് വിവരം | 775261/- വികസന ഫണ്ട് - പൊതുവിഭാഗം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക ഓഡിറ്റ് വർഷത്തെ വികസന ഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ ഉത്ഭത്തിൽ കുറവ് ചെയ്ത തുക ക്രമീകരിക്കുന്നതിനുള്ള പ്രോജക്ടാണിത്. ഗ്രാന്റിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകയ്ക്കുള്ള രസീത്, ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുള്ള തുക കുറച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് എന്നിവ ജലഅതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് രേഖാമൂലം (എൻക്വയറി നം. 23/ 17.02.2020) ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റ് തുകയിൽ നിന്നും വെള്ളക്കര കുടിശ്ശിക ഉത്ഭവത്തിൽ കുറവ് ചെയ്ത് അടവാക്കിയതിന് രസീതും പരിഷ്കരിച്ച ഡിമാന്റ് നോട്ടീസും ലഭിക്കാനുള്ള ന്യയമായ അർഹത പഞ്ചായത്തിനുണ്ട്. ആയതിനാൽ അവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വെള്ളക്കരം യഥാസമയം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-26 ഗ്രാമ പഞ്ചായത്ത് വക കടമുറിയുടെ വാടക പിരിക്കാത്തത് സംബന്ധിച്ച്

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിട നമ്പർ 293 ൽ പ്രവർത്തിക്കുന്ന മിനി ത്രിവേണി സൂപ്പർമാർക്കറ്റിന് ക്രമ നം. 45 ആയി ഡി.&ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയിൽ കെട്ടിടത്തിന്റെ ഉടമയുടെ പേരായി കൊടുത്തിരിക്കുന്നത് പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് എന്നാണ്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഈ കെട്ടിടത്തിൽ നിന്നും വാടക പിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്ററിലും മേൽ സ്ഥാപനം സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ഗ്രാമ പഞ്ചായത്ത് ത്രിവേണി സൂപ്പർമാർക്കറ്റുമായി കരാർ വച്ചതിന്റെ കരാർ ഉടമ്പടിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം വാടക പിരിക്കാത്തതിനും, സ്ഥാപനവുമായി കരാറിൽ ഏർപ്പെടാത്തതിനുമുള്ള കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25

നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ പ്രകാരമാണ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുള്ള വസ്തു കയ്യൊഴിക്കേണ്ടത്. നിലവിൽ ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ വാടകയ്ക്ക് നൽകിയിരിക്കുന്ന മറ്റു കടമുറികളോട് ചേർന്നുള്ള ഈ കെട്ടിടത്തിൽ നിന്നും വാടക പിരിക്കാതിരിക്കുന്നത് സംബന്ധിച്ച ഇളവ് നൽകിയതിന്റെ രേഖകൾ, സർക്കാർ ഉത്തരവ്/ അനുബന്ധമായ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി കയ്യൊഴിക്കുമ്പോൾ ഇപ്രകാരം രേഖകൾ ഇല്ലാത്തത് ഇതു സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ വരുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗം പരാജയപ്പെടാൻ കാരണമാകും. ഇപ്രകാരം ഗ്രാമപഞ്ചായത്ത് വക കടമുറി വാടക പിരിക്കാതെ, ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാതെ കൈമാറിയതിന് വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-27 ലൈസൻസ് ഫീസ് പിരിച്ചത് ചട്ട പ്രകാരമല്ല

2018-19 വർഷം ഡി.&ഒ ലൈസൻസ് നൽകിയതിലും ഫീസ് പിരിച്ചതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി .

ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ 2018-19 വർഷം ലൈസൻസ് ഫീസ് പിരിച്ചിരിക്കുന്നത് നിലവിലുള്ള നിരക്കിനേക്കാളും കുറഞ്ഞ നിരക്കിലാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (31-10-2017 മുതൽ പ്രാബല്യം)ചട്ടം 7 പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പട്ടിക 7 പ്രകാരം സൂക്ഷ്മ സംരംഭങ്ങൾക്ക് 500 രൂപയിൽ അധികരിക്കാത്ത ഫീസ് ആണ് പിരിക്കേണ്ടത്. എന്നാൽ അപേക്ഷ ഫയലുകളിൽ രേഖപ്പെടുത്തിയ ഫീസ് പരിശോധിച്ചതിൽ ചട്ടപ്രകാരം പറഞ്ഞിരിക്കുന്ന ഫീസിനേക്കാൾ കുറവ് ആണ് പിരിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് / ലൈസൻസ് നം. | കോളം 20 പ്രാകാരം ചേർത്തിരിക്കുന്ന മൂലധന നിക്ഷേപം | പിരിച്ച ലൈസൻസ് തുക /രസീത് നം | പിരിച്ചതിലെ വ്യത്യാസം |
|---|---|---|---|---|
| 1 | ലിസ വിൽസൺ | 200000 | 300/11802010123/26-09-2018 | 200 |
| 2 | ഹരി കൃഷ്ണൻ | 400000 | 300/1180201527/02-11-2018 | 200 |

| | | | | |
|---|---|---|---|---|
| 3 | രാജേഷ്.എം.സി. | 500000 | 300/118020101240/28-09-2018 | 200 |

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടപ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്ന് ഗ്രാമ പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് പുതുക്കിയ ചട്ടപ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് തീരുമാനിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് ലഭ്യമാക്കിയ മറുപടിയിൽ 16-03-2018 ലെ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയിൽ 19(1) തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ ഉള്ള വാണിജ്യ സ്ഥാപനങ്ങളെല്ലാം 10 ലക്ഷം രൂപയിൽ താഴെ പ്രവർത്തന മൂലധനമായതിനാൽ കച്ചവടത്തിന്റെ തോത് അനുസരിച്ച് 500/- രൂപ വരെയുള്ള ഫീസ് ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടപ്രകാരം ലൈസൻസ് ഫീസ് ചുമത്തുന്നതിനുള്ള മാനദണ്ഡം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം ആണെന്നിരിക്കെ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നൽകുന്നതിന് വീണ്ടും കച്ചവട തോത് (വിറ്റു വരവ്) മാനദണ്ഡമാക്കിയത് ചട്ട പ്രകാരമല്ല. ആയതിനാൽ ചട്ട പ്രകാരം നിഷ്കർഷിക്കുന്ന രീതിയിൽ ലൈസൻസ് നൽകാനും ഫീസ് പിരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസ് ഫീസ് - താമസിച്ച് ലൈസൻസ് അപേക്ഷകൾക്ക് അധിക ഫീസ് പിരിച്ചിട്ടില്ല.

ചട്ടം 22 പ്രകാരം താമസിച്ച് സമർപ്പിക്കുന്ന ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾക്ക് 25 ശതമാനം അധിക ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് അധിക ഫീസ് ഈടാക്കിയിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് / ലൈസൻസ് നം. | ലൈസൻസ് പുതുക്കിയ തീയതി | പിരിച്ച തുക / മുൻവർഷ ലൈസൻസ് നം./ കാലാവധി | ഈടാക്കേണ്ട ബിലേറ്റഡ് ഫീസ് -25 % |
|---|---|---|---|---|
| 1 | ബിജിത്ത് എം. ആഭായി - തുണി വില്പന ശാല /103 | 26-09-2018 | 200/101/31-03-2018 | 50 രൂപ |
| 2 | ടി.എസ്. അസീസ് /105 | 25-09-2018 | 300/109/31-03-2018 | 75 |
| 3 | ബിനു ചെറിയാൻ | 26-07-2018 | 300/113/31-03-2018 | 75 |

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ലൈസൻസിന്റെ കാലാവധി വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതാണ്. ഇപ്രകാരം കാലാവധി കഴിഞ്ഞ ലൈസൻസുകൾക്ക് നിയമപ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മെഷിനറി കൊണ്ട് പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ബിലേറ്റഡ് ഫീസ് ഈടാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മറ്റു സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം താമസിച്ച് ലൈസൻസ് എടുത്തതിന് 25 ശതമാനം അധിക ഫീസ് ഈടാക്കിയില്ല. കൂടാതെ ലൈസൻസ് അപേക്ഷകൾ ലൈസൻസ് കാലാവധി കഴിഞ്ഞ് നൽകുന്നത്, ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു എന്ന് വ്യക്തമാകുന്നതിനാൽ ഗ്രാമ പഞ്ചായത്ത് ഈ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

3). ലൈസൻസ് അപേക്ഷകളിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതെ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു. അപേക്ഷകളിൽ രേഖപ്പെടുത്തി നൽകുന്ന മൂലധന നിക്ഷേപം അടിസ്ഥാനമാക്കിയാണ് ലൈസൻസിന്റെ ഫീസ് നിരക്ക് തീരുമാനിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള രേഖപ്പെടുത്തൽ ഇല്ലാതെ ലൈസൻസ് നൽകി. ഇപ്രകാരം ചെയ്യുമ്പോൾ എന്തിനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചത് എന്ന് വ്യക്തമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ലൈസൻസ് നം.- 103/2018-19 -ബിജിത്ത് എം. ആഭായി -

ഇപ്രകാരം ലൈസൻസ് നൽകുന്നതിലും തുക പിരിക്കുന്നതിലും വന്നതായ അപാകതകൾ സെക്രട്ടറി പരിഹരിക്കേണ്ടതാണ്.

# 1-28 പാലിയേറ്റീവ് പരിചരണം.- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തി.

| | |
|---|---|
| പ്രോജക്ട് നം. | S0027/19 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം. |
| അടങ്കൽ തുക | 6,50,000/- (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി.എച്.സി. കടവൂർ |

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ടിൽ 2018-19 വർഷത്തിൽ പരിചരിക്കപ്പെട്ടിരുന്ന 132 രോഗികളിൽ 22 പേരും അവരുടെ ബന്ധുക്കളും പാലിയേറ്റീവ് പ്രവർത്തകരും ഉൾപ്പെടുന്ന 44 അംഗ സംഘം നടത്തിയ വിനോദ യാത്രയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം. | തുക | ചെലവ് വിവരം | തുക | ആകെ |
|---|---|---|---|---|
| 10/2018-19 | 95,619.00 | ഭക്ഷണം | 3220.00 | |
| | | ബസ് വാടക | 10560.00 | 13,780.00 |
| 11/2018-19 | 77,000.00 | മെട്രോ യാത്ര | 2200.00 | |
| | | കടൽ യാത്ര | 12550.00 | |
| | | പാർക്കിംഗ് ഫീസ് | 200.00 | |
| | | ലഘുഭക്ഷണം | 450.00 | 15,400.00 |
| ആകെ | 1,72,619.00 | ആകെ | | 29,180.00 |

പാലിയേറ്റീവ് പരിചരണത്തെ സംബന്ധിച്ചുള്ള മാർഗ്ഗരേഖയിലെ (സ.ഉ(സാധാ) നം.3217/2015/തസ്വഭവ/29.10.2015 നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക2.6.13പ്രകാരം പരിചരിക്കപ്പെടുന്ന രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരുടെയും സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കാവുന്നതാണ്. സംഗമത്തിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും ഭക്ഷണത്തിനു വേണ്ടി 80/- രൂപാ വീതവും മറ്റു ചെലവുകൾക്കായി 3000/-രൂപയും ചെലവഴിക്കാവുന്നതാണ്. പരിചരിക്കപ്പെടുന്ന 22 രോഗികൾ മാത്രം ഉൾപ്പെടുന്ന 44 അംഗ സംഘത്തിന്റെ വിനോദ യാത്രയാണ് രോഗീ-ബന്ധു സംഗമത്തിന് പകരമായി നടത്തപ്പെട്ടത്. മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രോജക്ടിൽ വകയിരുത്തിയ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (24/15.02.2020) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിൽ രോഗീ-ബന്ധു സംഗമത്തിന് 10000/-രൂപ വകയിരുത്തിയിട്ടുള്ളതിനാൽ രോഗീ-ബന്ധു സംഗമത്തിന്റെ ഭാഗമായാണ് വിനോദ യാത്ര സംഘടിപ്പിച്ചതെന്നുള്ള നിർവഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം കണക്കിലെടുത്തും ഇത്തരം പദ്ധതികൾക്കായി തുക ചെലവഴിക്കുമ്പോൾ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019 – 07.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(27)/2019/ 03.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭ്യമായ വിഹിതം | | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | മുന്നിരുപ്പ് | തുക | | | |
| ജില്ലാ പഞ്ചായത്ത് | 3500000 | 20,00,000 | ലൈഫ് ഭവന പദ്ധതി -എസ്.സി. (എസ്.103/19) | 48,00,000 | 700000 |
| | - | 32,00,000 | ലൈഫ് ഭവന പദ്ധതി -ജനറൽ (എസ്.102/19) | 38,99,034 | (-)699034 |
| | - | 2,17,625 | ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് (എസ്.102/19) | 2,17,625 | 0 |
| | - | 4,88,750 | നെൽകൃഷി | 488750 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കൂലിച്ചെലവ് (എസ്.0017/19) | (പ്രോജക്ടിലെ യഥാർത്ഥ ചെലവ് 743750) | |
| | 885245 | - | 320700105 ഹെഡിലെ മുന്നിരുപ്പ് | - | 885245 |
| ആകെ | 43,85,245 | 59,06,375 | | 94,05,409 | 886211 |
| ബ്ലോക്ക് പഞ്ചായത്ത് | - | 75,000 | പൂരകപോഷകാഹാര പരിപാടി (എസ്.0020/19) | 75,000 | 0 |
| | - | 1,50,000 | ഭിന്നശേഷിയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് (എസ്.102/19) | 150000 | 0 |
| | - | 5,00,000 | അങ്കണവാടി നിർമ്മാണം (16.3.2019 ലഭിച്ചു, പ്രോജക്ട് ഏറ്റെടുത്തില്ല) | 0 | 500000 |
| | - | 1091340 | ലൈഫ് ഭവന പദ്ധതി -എസ്.സി. (എസ്.103/19) | 1020000 | 71340 |
| | 187025 | - | 320700104 ഹെഡിലെ മുന്നിരുപ്പ് | - | 187025 |
| ആകെ | 187025 | 1816340 | | 1245000 | 758365 |

<u>ജില്ലാപഞ്ചായത്ത് വിഹിതം</u>

- ലൈഫ് ഭവനപദ്ധതി (എസ്.സി) മുന്നിരുപ്പുള്ള 35 ലക്ഷം രൂപയിൽ നിന്ന് 699034/- രൂപ ലൈഫ് ജനറൽ പദ്ധതിക്കായി വകമാറ്റിയിട്ടുണ്ട്.
- 320700105 എന്ന ഹെഡിൽ മൂലധന ചെലവിലേക്കായി 885245/- രൂപ മുന്നിരുപ്പുള്ളത് വിനിയോഗിക്കാതെ തൻവർഷം അവശേഷിക്കുന്നുണ്ട്. ഇത് ഏത് പ്രോജക്ടിനായി ലഭ്യമായ വിഹിതം ആണെന്ന വിവരം ലഭ്യമല്ല.
- കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽക്കൃഷി കൂലി ചെലവ് എന്ന പ്രോജക്ടിനായി ലഭ്യമായ തുകയേക്കാൾ 255000/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാതെ തുക എങ്ങനെ വിനിയോഗിക്കുവാൻ സാധിച്ചു എന്നും ഈ തുക ഏത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത് എന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല.

<u>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</u>

- 320700104 എന്ന ഹെഡിൽ മൂലധന ചെലവിലേക്കായി 187025/- രൂപ മുന്നിരുപ്പുള്ളത് വിനിയോഗിക്കാതെ തൻവർഷം അവശേഷിക്കുന്നുണ്ട്. ഇത് ഏത് പ്രോജക്ടിനായി ലഭ്യമായ വിഹിതം ആണെന്ന വിവരം ലഭ്യമല്ല.

- അങ്കണവാടി നിർമ്മാണത്തിനായി ലഭിച്ച 5 ലക്ഷം രൂപയ്ക്ക് പ്രോജക്ട് 2019-20 വർഷത്തിൽ ഏറ്റെടുത്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3,09,40,966/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 8400000 | 1817333 | 862500 | 131401 | 954833 |
| ലൈഫ് ഭവന പദ്ധതി | 30940966 | - | - | - | 30940966 |

# 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,14,78,333.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,56,74,807.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,97,425.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 24000.00 | ശ്രീ. കെ.എ.സുരേഷ്കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 18000.00 | ശ്രീമതി.വി.എസ്.കലാമണി. സെക്രട്ടറി |
| | [illegible] | [illegible] |

| | | |
|---|---|---|
| | 194975.00 | ശ്രീമതി.ശ്രീകല.എസ്. സെക്രട്ടറി |
| 1-21 | 25550.00 | ശ്രീമതി.ദീപ.പി.എൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-22 | 10000.00 | ശ്രീമതി.ശ്രീകല.എസ്. സെക്രട്ടറി |
| 1-23 | 24900.00 | ശ്രീമതി.ശാന്തി.കെ.കെ. ഹെഡ്മിസ്ട്രസ് |
| 1-24 | 200000.00 | ശ്രീമതി.ശാന്തി.കെ.കെ. ഹെഡ്മിസ്ട്രസ് |
| ആകെ | 497425.00 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖ. 1-19

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.എ.സുരേഷ്കുമാർ, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | കടവത്തുങ്കൽ, ചെറുവട്ടൂർ.പി.ഒ |
| ശ്രീമതി.വി.എസ്.കലാമണി. സെക്രട്ടറി | വിരമിച്ചു | പ്രാക്കൽപുത്തൻപുര, വാരപ്പെട്ടി.പി.ഒ. |
| ശ്രീമതി.ശ്രീകല.എസ്. സെക്രട്ടറി | ലഭ്യമാക്കിയില്ല | വട്ടത്താട്ടേൽ, മണക്കാട്.പി.ഒ, തൊടുപുഴ |
| ശ്രീമതി.ദീപ.പി.എൻ, അസിസ്റ്റന്റ് സെക്രട്ടറി | ” | ശാന്തിനികേതൻ, ചെറായി - 683514 |
| ശ്രീമതി.ശാന്തി.കെ.കെ. ഹെഡ്മിസ്ട്രസ് | ” | കുന്നിക്കൊമ്പിൽ, വണ്ണപ്പുറം.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| [illegible] | [illegible] |

| | |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(ii)/2018/ 22.9.2018 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(iii)/2018/ 22.9.2018 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(iv)/2018/ 22.9.2018 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(v)/2018/ 22.9.2018 (പദ്ധതി വിഹിതം ഒഴികെ ചെലവ്) |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(vi)/2018/ 22.9.2018 (പദ്ധതി വിഹിതം ) |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(vii)/2018/ 22.9.2018 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(viii)/2018/ 22.9.2018 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(ix)/2018/ 22.9.2018 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(x)/2018/ 22.9.2018 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(xi)/2018/ 22.9.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 1658/2017/ 10.10.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) 120/2019/ 15.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# <u>അനുബന്ധം.1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത്

രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## ന്യൂനതകളുടെ സംഗ്രഹം

1. ബി.4 ഷെഡ്യൂളിൽ കോഡ് നം.320700105, 320700205 എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ജില്ലാ പഞ്ചായത്ത് നീക്കിയിരുപ്പ് യഥാക്രമം 8,85,245/-, 966/- (ആകെ 8,86,211/-) രൂപയാണ്. എ.സി.ആർ. പ്രകാരം ഈയിനത്തിൽ മുന്നിരുപ്പ് ഉൾപ്പെടെ 1,02,91,620/- രൂപയും സുലേഖ കണക്ക് പ്രകാരമുള്ള ചെലവ് 96,60,409/- രൂപയും ആണ്. അപ്പോൾ നീക്കിയിപ്പ് 6,31,211/-രൂപയാണ്. ഈ തുക ബി.4 ഷെഡ്യൂളിലെ നീക്കിയിരുപ്പുമായി (8,86,211/-) പൊരുത്തപ്പെടുന്നില്ല.

2. ബി.18 ഷെഡ്യൂളിൽ കോഡ് നം. 460509901പ്രകാരം അഡ്വാൻസ് ടു അദേഴ്സ് നീക്കിയിരുപ്പ് 670132/- രൂപയാണ്. ഈ തുക മുൻകൂർ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3. ബി.15 ഷെഡ്യൂളിൽ കോഡ് നം. 431400102 പ്രകാരം റെന്റ് റിസീവബിൾ ഫ്രം ബിൽഡിങ്ങ് -അരിയർ നീക്കിയിരുപ്പ് 25453/- രൂപയാണ്. വാടക രജിസ്റ്ററിൽ ഈ തുകയുടെ വിവരം ലഭ്യമല്ല.

4. ബി.7 ഷെഡ്യൂൾ പ്രകാരം വിവിധ ഹെഡുകളിലൂടെയുള്ള ഡെപ്പോസിറ്റ് നീക്കിയിരുപ്പ് 2,31,59,989/- രൂപയാണ്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഹെഡ് വൈസ് അക്കൗണ്ട് എഴുതി നീക്കിയിരുപ്പ് പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. താഴെ ചേർക്കുന്ന നീക്കിയിരുപ്പുതുകകളുടെ വിശദവിവരം ലഭ്യമല്ല.

| ഷെഡ്യൂൾ | കോഡ് നമ്പർ | തുക |
|---|---|---|
| ബി.4 | 320100115 | 24351/- |
| ബി.4 | 320300199 | 718436/- |
| ബി.9 | 350200199 | 31977/- |
| ബി.9 | 350101109 | 6947/- |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ബി.9 | 350200201 | 3895/- |
| ബി.9 | 350200203 | 4752/- |
| ബി.9 | 350410399 | 4650/- |
| ബി.9 | 350410101 | 325931/- |
| ബി.9 | 350410104 | 9283/- |
| ബി.9 | 350410401 | 28113/- |
| ബി.9 | 350800299 | 2796/- |

6. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി കാണുന്നില്ല.

7. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാന അക്കൗണ്ടിങ്ങ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

Annexure – 1

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Paingottoor Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act

1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Paingottoor Grama Panchayat for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Abstrct of Defects / Discripancies.

1. The closinfg balance of the Joint Venture projects in Code No.320700105 and 320700205 of B.4 Schedule are Rs.885245/- snd Rs.966/- (Total Rs.886211/-) respectively. As per ACR this closing Balance is Rs.10291620/- including opening balance and the expenditure in Sulekha is Rs.9660409/-. Hence the closing balance must be Rs.631211/-. But this amount does not tally with the closing balance in the B.4 Schedule (Rs.886211/-).

2. The closing balance of advance to others (460509901)in B.18 is Rs.670132/-. This amount does not tally with the Advance register.

3. The closing balance of rent recievables from building -arrears (431400102) as per B.15schedule is Rs.25453/-. This is not recorded in the rent register.

4. The closing balance of various deposits as per the B.7 schedule is Rs. 23159989/-. But the headwise details of this deposits are not recorded and reconciled in the Deposit register.

5. The Details of the following closing balances are not furnished.

| Schedule | Code No. | Amount |
|---|---|---|
| B.4 | 320100115 | 24351/- |
| B.4 | 320300199 | 718436/- |
| B.9 | 350200199 | 31977/- |

| | | |
|---|---|---|
| B.9 | 350101109 | 6947/- |
| B.9 | 350200201 | 3895/- |
| B.9 | 350200203 | 4752/- |
| B.9 | 350410399 | 4650/- |
| B.9 | 350410101 | 325931/- |
| B.9 | 350410104 | 9283/- |
| B.9 | 350410401 | 28113/- |
| B.9 | 350800299 | 2796/- |

6. The Asset register is not comprehensieve as the landed assets are not completely included in it. The same has not reconciled with the Annual Financial Statement.

7. Notes on Accounting Policy and Basic Ratios are not included in the Anual Financial Statement.

DEPUTY DIRECTOR